# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4793** **19.05.2017-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി മേഖലയിലെ മത്സ്യകേരളം, മത്സ്യ സമൃദ്ധി പദ്ധതികൾ**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന മത്സ്യകേരളം, മത്സ്യ സമൃദ്ധി തുടങ്ങിയ പദ്ധതികൾ ഏതു വർഷം മുതലാണ് ആരംഭിച്ചത്; | എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2008 മുതൽ 2012 വരെയുള്ള വർഷ കാലയളവിൽ നടപ്പിലാക്കിയ പദ്ധതിയാണ് മത്സ്യ കേരളം പദ്ധതി. 2012 മുതൽ 2015 വരെയുള്ള കാലയളവിൽ മത്സ്യസമൃദ്ധി I പദ്ധതിയും 2015 മുതൽ 2017 വരെയുള്ള കാലയളവിൽ മത്സ്യ സമൃദ്ധി II പദ്ധതിയും നടപ്പിലാക്കുകയു ണ്ടായി. |
| ബി) ഇതുവഴി ഉൾനാടൻ മത്സ്യകൃഷി മേഖലയ്ക്ക് മാറ്റം ഉണ്ടായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; | ബി) വിലയിരുത്തിയിട്ടുണ്ട്. |
| സി) മത്സ്യ കൃഷിക്ക് കൂടുതൽ പേരെ കണ്ടെത്തുന്നതിനും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഏറെ ഗുണം ചെയ്യുന്ന ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്തുകളുടെ നിർബന്ധിത പദ്ധതിയാക്കി മാറ്റുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) സർക്കാർ ഇത്തരം മത്സ്യകൃഷി പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടിയും ജനകീയ പങ്കാളിത്തത്തോടു കൂടിയുമാണ് നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ചുമതലകളിൽ ഉൾപ്പെട്ടതാണ് മത്സ്യകൃഷി വികസനം. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മത്സ്യകൃഷി പദ്ധതികൾ ഏറ്റെടുക്കാറുണ്ട്. ഒരു നിർബന്ധിത പദ്ധതിയായി നിർദ്ദേശിക്കാനാവില്ല. |
| ഡി) ഈ പദ്ധതികൾ നിർത്തലാക്കാൻ പോകുന്നു എന്ന തരത്തിലുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | ഡി) ഇല്ല. എന്നാൽ, 2017 മുതൽ ആരംഭിക്കുന്ന 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഉൾനാടൻ മത്സ്യകൃഷി വികസനത്തിന് ജനകീയമത്സ്യകൃഷി പദ്ധതി II എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| ഇ) മത്സ്യകൃഷി പ്രോത്സാഹനത്തിന് കിട്ടുന്ന സബ്സിഡികളും മറ്റും ലഭിക്കുന്നതിനായി കർഷകർ ജില്ലാ ഫിഷറീസ് ഓഫീസുമായി ബന്ധപ്പെടണമെന്ന | ഇ) മത്സ്യകൃഷി പ്രോത്സാഹനത്തിനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ കർഷകർക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ജില്ലാ ആഫീസുകൾ വഴിയാണ് കാലാകാലങ്ങളായി നൽകി വരുന്നത്. മത്സ്യ കർഷകർക്ക് |

| | | | |
|---|---|---|---|
| | സാഹചര്യമുണ്ടായാൽ, ഈ ഉൾനാടൻ മത്സ്യകൃഷി തന്നെ ഇല്ലാതാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ആവശ്യമായ സഹായങ്ങൾ പ്രാദേശികമായി ലഭ്യമാക്കുന്നതിന് മത്സ്യകൃഷി വികസന സാധ്യത ഏറിയ ഉൾനാടൻ മേഖലയിൽ 100 മത്സ്യഭവനുകൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| എഫ്) | എങ്കിൽ, ഉൾനാടൻ മത്സ്യകൃഷി മേഖലയെ സംരക്ഷിക്കുന്നതിനും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | എഫ്) | ഉൾനാടൻ മത്സ്യകൃഷി മേഖലയെ സംരക്ഷിക്കുന്നതിന് കൂടുതൽ ആനുകൂല്യങ്ങൾ നിലവിൽ നൽകി വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ